ശ്രീ. കെ. വി. രാജഗോപാലൻ നായർ ഐ.പി.എസ്. (റിട്ട.ഡി.ജി.പി.), ശ്രീ. റ്റി. എൻ. ജയചന്ദ്രൻ ഐ.എ.എസ്. (മുൻ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർ, റിട്ട. അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവർ മെമ്പർ മാരായി ഒരു പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മീഷന്റെ കാലാവധി ഒരു വർഷമാണ്.

(ബി) പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാ കാലങ്ങളിൽ ശുപാർശകൾ സമർപ്പിക്കുക, പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതുമൂലമുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുക, പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ.

(സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് അത് ആധാരമാക്കിയും ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി ആന്റ് ഇ) പോലീസിന്റെ കുറ്റാന്വേഷണം, നിരീക്ഷണം, നീതി നിർവ്വഹണം എന്നിവയിൽനിന്ന് ജനങ്ങൾക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക നുസൃതമായ സംരക്ഷണം പോലീസ് നൽകി വരുന്നുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുകയും, കുറ്റക്കാരനാ ണെന്ന് കണ്ടാൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. അതിൻപ്രകാരം യുക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ശരിയായ ദിശയിലല്ല പോലീസിന്റെ കുറ്റാന്വേഷണം നടക്കുന്നതെന്നു ബോധ്യമായാൽ ടി കേസ് പ്രത്യേക അന്വേഷണസംഘത്തെക്കൊണ്ടോ, ക്രൈം ബ്രാഞ്ചിനെ കൊണ്ടോ ഊർജിതമായ അന്വേഷണം നടത്തിപ്പിക്കാറുണ്ട്.

(എഫ്) ജില്ലാകോടതികളിലും, സബ്കോടതികളിലും പ്രോസിക്യൂഷൻ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ജില്ലാ പബ്ളിക് പ്രോസിക്യൂട്ടർമാരേയും, അഡീ. പബ്ളിക് പ്രോസിക്യൂട്ടർമാരേയും സർക്കാർ നിയമിക്കുന്നു. അവരുടെ പ്രവർത്തന ത്തിൽ എന്തെങ്കിലും വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ വീഴ്ചകൾ തിരുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുന്നുണ്ട്. കേസ് നടത്തിപ്പിൽ പ്രോസിക്യൂട്ടറുമായി എല്ലാ വിധത്തിലും സഹകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ജി) ഇല്ല. ജില്ലാ കളക്ടർ, ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് സമർപ്പി ക്കുന്ന പാനലിൽ നിന്നാണ് അഭിഭാഷകരെ സർക്കാർ പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നത്. ഗവൺമെന്റ് പ്ളീഡർ/പബ്ളിക്ക് പ്രോസിക്യൂട്ടർ എന്നിവരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് കാലാകാലങ്ങളിൽ അവരുടെ ആഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. പരിശോധനകളിൽ എന്തെങ്കിലും വീഴ്ചകൾ കാണുക യാണെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ചികിൽസ നടത്തുന്ന ആശുപത്രികൾ

* 5 [155] ശ്രീ. പി. കെ. കെ. ബാവ:

,, യു. സി. രാമൻ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ചികിൽസ നടത്തുന്ന ആശുപത്രികൾ കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ:)

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്.

മോഡേൺ മെഡിസിൻ

1. തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ, പുന്നമൂട് എന്ന സ്ഥലത്ത് 'വിൽസ് ഹോസ്പിറ്റൽ' നടത്തിവന്ന വ്യാജഡോക്ടർക്കെതിരെ നടപടി സ്വീകരിച്ച് ആശുപത്രി നിർത്തലാക്കി.

2. നെടുമങ്ങാട് ചുള്ളിമാനൂർ എന്ന സ്ഥലത്ത് വ്യാജ ഡിഗ്രി പ്രദർശിപ്പിച്ച് 'അനശ്വര ഹോസ്പിറ്റൽ' എന്ന സ്ഥാപനം നടത്തിവന്ന ഡോക്ടർക്ക് താക്കീത് നൽകി യഥാർത്ഥ യോഗ്യത മാത്രം പ്രദർശിപ്പിച്ച് ചികിത്സ നടത്താൻ നിർദ്ദേശം നൽകി.

3. മറ്റ് രണ്ട് വ്യാജ ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

ആയുർവേദം

ആയുർവേദ വിഭാഗത്തിൽ 9 പരാതികൾ ലഭിച്ചിട്ടുണ്ട്.

1. കിളിമാനൂരിൽ മനു ക്ലിനിക്ക് നടത്തി വന്ന ആൾക്കെതിരെ നടപടി സ്വീകരിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. കണ്ണൂരിൽ 'കൈലാസം' മെഡിക്കൽ സെന്ററിനെതിരായ പരാതി മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly